# പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.537 30.06.2016 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങൾ മൂലം ഉണ്ടാകുന്ന നാശനഷ്ടം

ചോദ്യം

ശ്രീ.പി.ഉബൈദുള്ള
ശ്രീ.എൻ.എ.നെല്ലിക്കുന്ന്
ശ്രീ.സി.മമ്മൂട്ടി
ശ്രീ.എൻ.ഷംസുദ്ദീൻ

(എ) വനമേഖലയിലും, വനാതിർത്തിയിലും വസിക്കുന്നവർ വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നത് വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യ മൃഗങ്ങളാൽ വഴിയാത്രക്കാർ പോലും അപകടങ്ങളിൽപ്പെട്ട് മരണമടയുന്ന സംഭവങ്ങൾ ഉണ്ടാക്കുന്ന ഭീതി ഇല്ലാതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

ഉത്തരം

അഡ്വ. കെ.രാജു
(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)

(എ) വനമേഖലയിലും, വനാതിർത്തിയിലും താസിക്കുന്നവർ വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നത് വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വന്യമൃഗങ്ങളാൽ വഴിയാത്രക്കാർ പോലും അപകടങ്ങളിൽപ്പെട്ട് മരണമടയുന്ന സംഭവങ്ങൾ ഉണ്ടാക്കുന്ന ഭീതി ഇല്ലാതാക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ച് വിടുന്നതിനുള്ള നടപടികൾ.
5. പ്രശ്നക്കാരായ ആനകളെ തിരികെ കാട്ടിലേക്ക് അയക്കുന്നതിന് എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.
6. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.
7. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജല സംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്ന-

തിനുമുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുകയും, ജലലഭ്യത ഉറപ്പാക്കുന്ന-തിനായി തടയണകൾ നിർമ്മിക്കുകയും ചെയ്തുവരുന്നു.

മേൽപ്പറഞ്ഞ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സ്ഥലം എം.എൽ.എ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വിവിധ സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ (എൻ.ജി.ഒ) എന്നിവർ ഉൾപ്പെടുന്ന ഒരു മേൽനോട്ട സമിതി, ഡിപ്പാർട്ട്മെന്റ് നടത്തുന്ന വിവിധ സംരക്ഷണ പ്രവർത്തനങ്ങളെ വിലയിരുത്തി വരുന്നു.

(സി) വന്യ മൃഗങ്ങൾ മൂലം കാർഷികനഷ്ടം അനുഭവിക്കുന്ന കർഷകരെ രക്ഷിക്കാൻ എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

(സി) വന്യജീവികളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിക്കുന്നവർക്ക് 1980 ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് എന്ന ചട്ടപ്രകാരം നിലവിൽ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.